"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ഡോ.ദീപ മാനുവലിനെ സർവീസിൽ നിലനിർത്തുന്നതിനായി Rights of persons with Disabilities Act 2016 വകുപ്പ് 20(4)ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മെഡിക്കൽ ഓഫീസറുടെ (ആയുർവേദം) ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.41/2022/AYUSH തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:- ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 09.08.2021 ലെ ഡി2/10100/2013 നമ്പർ കത്ത്

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ ഡോ ദീപ മാനുവലിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും നൽകിയിട്ടുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം മെഡിക്കൽ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുവാൻ നിലവിൽ അനുയോജ്യയല്ലെന്ന് കാണുന്നുന്നതായും, എന്നാൽ മെഡിക്കൽ ഓഫീസർ തസ്തികയുടെ സമാന ശമ്പള സ്കെയിലിൽ മറ്റൊരു തസ്തിക വകുപ്പിൽ നിലവിലില്ലാത്തതിനാൽ ടിയാളെ മറ്റൊരു തസ്തികയിലേക്ക് മാറ്റുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ Rights of Persons with Disabilities Act 2016 ലെ വകുപ്പ് 20(4)പ്രകാരം ടിയാൾ വിരമിക്കുന്നത് വരെയോ, സമാന ശമ്പള സ്കെയിലിലുള്ള മറ്റൊരു തസ്തികയുണ്ടാകുന്നതുവരെയോ ടിയാളെ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുവാൻ അനുവദിക്കുന്നതിനായി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവാകണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസറായ ഡോ. ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act 2016 വകുപ്പ് 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മെഡിക്കൽ ഓഫീസറുടെ (ആയുർവേദം) ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവ്വീസിൽ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ. ദീപ മാനുവൽ, മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ് സി) വകുപ്പ് (21.12.2022 ലെ ഇനം നം 1275)

ധനകാര്യ വകുപ്പ് ( 05.11.2022 തീയതിയിലെ 1659256-HLT-B3/336/2020-FIN)

സാമൂഹ്യ നീതി (ബി) വകുപ്പ് (ബി3/219/2021-സാ നീ വ)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Asha Letha
Chandran
Date: 23-12-2022 16:50:33
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി എസിന്

ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പിഎസിന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 21-12-2022

ഫയൽ നം. എ2/386/2019/ആയുഷ്. ഇനം നം: 1275

വിഷയം : ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസറായ ഡോ. ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act-2016 വകുപ്പ് 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവ്വീസിൽ നിലനിർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

1275

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/386/2019/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ആയുഷ് വകുപ്പ്- ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസറായ ഡോ ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act -2016 വകുപ്പ് 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവീസിൽ നിലനിർത്തുന്നതു -സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.12.2022 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്, സാമൂഹ്യനീതി വകുപ്പ്<br>ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. വിജയകുമാർ എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.12.2022 |
| 10.കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14.12.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 19.12.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.12.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസറായ ഡോ ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act -2016 വകുപ്പ് 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവീസിൽ നിലനിർത്തുന്ന വിഷയമാണ് ടി കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) പക്ഷാഘാതം ബാധിച്ച് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ആലപ്പുഴ ജില്ലയിലെ മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ.ദീപ മാനുവലിന് 01.12.2016 മുതൽ 29.05.2017 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്ന് 30.05.2017 മുതൽ 29.05.2018 വരെയും, 30.05.2018 മുതൽ 29.05.2019 വരെയും ശൂന്യവേതനാവധി അനുവദിക്കണമെന്ന ഭാരതീയ ചികിത്സാ വകുപ്പിന്റെ ശുപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

**ഡോ.ദീപാ മാന്വലിന് 01.08.2017 ലെ സ.ഉ.(സാധാ)നം.380/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 30.05.2017 മുതൽ 28.05.2020 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അതോടൊപ്പം ഡോ. ദീപ മാനുവലിന്റെ വിഷയം Rights of Persons with Disabilities Act -2016 ന്റെ പരിധിയിൽ വരുന്നതാണോ എന്നത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണ് എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.**

3) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡോ. ദീപ മാനുവലിന്റെ വിഷയം Rights of Persons with Disabilities Act -2016 ന്റെ പരിധിയിൽ വരുന്നതാണോ എന്നത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പിനോട് അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"Rights of Persons with Disabilities Act 2016, section 20(4) ഇപ്രകാരം വിവക്ഷിക്കുന്നു.**

**"No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:**

Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post he may kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier".

**ഒരു സർക്കാർ ജീവനക്കാരന് സർവ്വീസ് കാലയളവിൽ വികലാംഗത്വം സംഭവിക്കുകയാണെങ്കിൽ RPWD Act 2016 u/s 20(4) പ്രകാരം ടിയാളുടെ റാങ്ക് താഴ്ത്തുകയോ ടിയാളെ സർവ്വീസിൽ പുറത്താക്കാനോ പാടുള്ളതല്ലെന്നും മറിച്ച് വികലാംഗത്വം സംഭവിച്ചത് കാരണം ടിയാൾ ജോലി ചെയ്തിരുന്ന തസ്തികയ്ക്ക് ടിയാൾ അനുയോജ്യനല്ലായെന്ന് കാണുന്ന പക്ഷം ടിയാളെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളോടും കൂടി സമാന സ്കെയിൽ ഓഫ് പേയിലുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റേണ്ടതാണെന്നും ഇങ്ങനെ സമാന സ്കെയിൽ ഓഫ് പേയിലുള്ള മറ്റൊരു തസ്തികയിൽ ക്രമപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ സമാന സ്കെയിൽ ഓഫ് പേയിലുള്ള മറ്റൊരു തസ്തിക ഉണ്ടാകുന്നത് വരെയോ ടിയാൾ സർവ്വീസിൽ നിന്നും വിരമിക്കുന്നത് വരെയോ ടിയാളെ സൂപ്പർന്യൂമററി തസ്തികയിൽ തുടരാൻ അനുവദിക്കേണ്ടതാണ്. കൂടാതെ തസ്തികമാറ്റത്തിനായുള്ള വൈകല്യതോത് ബഞ്ച് മാർക്ക് ഡിസെബിലിറ്റിയായ 40% വേണമെന്ന് പറയുന്നില്ല.**

**മേൽ സാഹചര്യത്തിൽ** Rights of Persons with Disabilities Act 2016, section 20(4) **പ്രകാരം തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."**

4) ഡോ ദീപ മാനുവലിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും നൽകിയിട്ടുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം മെഡിക്കൽ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുവാൻ നിലവിൽ അനുയോജ്യമല്ലെന്ന് കാണുന്നുന്നതായും, എന്നാൽ മെഡിക്കൽ ഓഫീസർ തസ്തികയുടെ സമാന ശമ്പള സ്കെയിലിൽ മറ്റൊരു തസ്തിക വകുപ്പിൽ നിലവിലില്ലാത്തതിനാൽ ടിയാളെ മറ്റൊരു തസ്തികയിലേക്ക് മാറ്റുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളതെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ Rights of Persons with Disabilities Act 2016 Section 20(4)പ്രകാരം ടിയാൾ വിരമിക്കുന്നത് വരെയോ, സമാന ശമ്പള സ്കെയിലിലുള്ള മറ്റൊരു തസ്തികയുണ്ടാകുന്നതുവരെയോ ടിയാളെ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുവാൻ അനുവദിക്കുന്നതിനായി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവാകണമെന്ന് ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

5) ഡോ. ദീപ മാനുവലിനായി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ വീണ്ടും ധനകാര്യവകുപ്പിനോട് അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുതവകുപ്പ് താഴെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

**ഡോ. ദീപ മാനുവൽ 2016-ലെ Rights of Persons with Disabilities Act 2016-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണത്തിന് അർഹയാണ്. Rights of Persons with Disabilities Act ചട്ടം 20(4)ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടി ആക്ടിന്റെ സംരക്ഷണം ടിയാൾക്ക് ലഭ്യമാക്കേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ ഡോ.ദീപ മാനുവലിന് ആയുർവേദ മെഡിക്കൽ ഓഫീസർ തസ്തികയിലെ ജോലി നിർവഹിക്കാൻ കഴിയില്ല എന്നും സമാന ശമ്പള സ്കെയിലിലുള്ള മറ്റു തസ്തിക വകുപ്പിൽ നിലവിലില്ല എന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ഡോ. ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act ചട്ടം 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവീസിൽ നിലനിർത്താവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.**

**ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്.**

6) ധനകാര്യവകുപ്പിന്റെ അഭിപ്രായപ്രകാരം ഡോ. ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act -2016 ചട്ടം 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവ്വീസിൽ നിലനിർത്തുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസറായ ഡോ. ദീപ മാനുവലിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിനായി Rights of Persons with Disabilities Act ചട്ടം 20(4)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മെഡിക്കൽ ഓഫീസറിന്റെ (ആയുർവേദം) ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാരിയെ സർവ്വീസിൽ നിലനിർത്താമോ?